# ദനഹാകാലം
## വചന വിചിന്തനം
### ദനഹാകാലം മൂന്നാം ഞായർ
യോഹ 1,29-42

**"ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുവിൻ" (അപ്പ 1,8). ക്രൈസ്തവന്റെ ജീവിതനിയോഗത്തെ സ്നാപകൻ സ്വജീവിതംകൊണ്ട് വരച്ച് കാണിക്കുന്നു!**
**"ഇതാ, ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്."**

"...ഇവൻ ദൈവപുത്രനാണെന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു." സ്വയം സാക്ഷ്യപ്പെടുത്തലുകൾ സ്വന്തമാക്കുന്ന സമയത്ത് ക്രിസ്തു സ്വന്തമാക്കുന്നത് സ്നാപകന്റെ സാക്ഷ്യമാണ്.

യോഹന്നാൻ ജോർദാൻെറ അക്കരെ ബഥാനിയായിൽ സ്നാനം നൽകികൊണ്ടിരിക്കവെ ക്രിസ്തു തന്റെ അടുത്തേയ്ക്ക് വരുന്നതുകണ്ട് അവൻ പറഞ്ഞു;

"തൻെറ അടുത്തേക്കു വരുന്നതു കണ്ട് അവൻ പറഞ്ഞു: ഇതാ, ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്" (യോഹ 1,29).

താൻ മിശിഹായല്ല, മറിച്ച്, മിശിഹായ്ക്ക് സാക്ഷ്യം നൽകാൻ വന്നവനാണെന്ന് പറഞ്ഞ് സ്വയം പരിചയപ്പെടുത്തുന്ന സ്നാപകന്റെ സാക്ഷ്യത്തിനനുസരിച്ച് ജനങ്ങൾ ക്രിസ്തുവിനെ അനുദാവനം ചെയ്യുന്നു. "ലോകത്തിൻെറ പാപം നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാട്" എന്നുള്ള പദപ്രയോഗം രണ്ട് പഴയനിയമഭാഗങ്ങൾ കൂട്ടിച്ചേർത്ത് സ്നാപകൻ ഉപയോഗിക്കുന്നതാണ്. ആദ്യത്തേത്, പഴയനിയമത്തിൽ ഇസ്രായേൽ ജനം ഈജിപ്തിൽനിന്ന് രക്ഷ നേടുന്നതിന് പെസഹാകുഞ്ഞാടിന്റെ സ്മരണയാണ് ഉണർത്തുന്നതെങ്കിൽ രണ്ടാമത്തേത്, ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽ കുറിച്ച് വച്ചിരിക്കുന്ന സഹനദാസനിലേയ്ക്കാണ് അനുവാചകരുടെ ശ്രദ്ധ ആകർഷിക്കുന്നത് (ഏശ 52,13-53,12).

"അവൻ (മിശിഹാ) മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖം തിരിച്ചുകളഞ്ഞു. അവൻ നിന്ദിക്കപ്പെട്ടു; നാം അവനെ ബഹുമാനിച്ചതുമില്ല. നമ്മുടെ വേദനകളാണ് യഥാർഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്... നമ്മുടെ അതിക്രമങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി ക്ഷതമേൽപ്പിക്കപ്പെട്ടു. അവൻെറ മേലുള്ള ശിക്ഷ നമുക്കു രക്ഷ നൽകി; അവൻെറ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു... നമ്മുടെ അകൃത്യങ്ങൾ കർത്താവ് അവൻെറ മേൽ ചുമത്തി. അവൻ മർദിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തു. എങ്കിലും, അവൻ ഉരിയാടിയില്ല; കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുൻപിൽ നിൽക്കുന്ന ചെമ്മരിയാടിനെപ്പോലെയും അവൻ മൗനം പാലിച്ചു..." (ഏശ 53).

തുടർന്നിങ്ങോട്ട് സ്നാപകൻ ചെയ്തുതീർക്കുന്നത് ലോകത്തിൻെറ പാപം നീക്കാൻ വന്ന ദൈവത്തിൻെറ കുഞ്ഞാടായ ക്രിസ്തുവിനെ കുറിച്ചുള്ള തന്റെ സ്വന്തം ജീവിതാനുഭവങ്ങൾ ചേർത്തുവച്ചുകൊണ്ടാണ്. എൻെറ പിന്നാലെ വരുന്ന ഇവൻ എന്നെക്കാൾ വലിയവനാണ്. അവന്റെ പേര് മിശിഹാ എന്നാണ്. എനിക്കുമുമ്പുതന്നെ ഇവനുണ്ടായിരുന്നു. പക്ഷെ, ഞാനും ഇവനെ അറിഞ്ഞിരുന്നില്ല. എന്നാൽ, ഇപ്പോൾ ഞാൻ വന്നിരിക്കുന്നത്, ജലത്താൽ സ്നാനം നൽകുന്നത് ക്രിസ്തുവിനെ ഇസ്രായേലിനു വെളിപ്പെടുത്തുന്നതിന് വേണ്ടിയാണ്. ജലംകൊണ്ടു സ്നാനം നൽകാൻ എന്നെ അയച്ചവൻ

എന്നോടു പറഞ്ഞിരുന്നു: ആത്മാവ് ഇറങ്ങിവന്ന് ആരുടെമേൽ ആ വസിക്കുന്നത് നീ കാണുന്നുവോ, അവനാണു പരിശുദ്ധാത്മാവുകൊണ്ടു സ്നാനം നൽകുന്നവൻ. മിശിഹായ്ക്ക് സ്നാനം നൽകുമ്പോൾ ഞാൻ അതു കാണുകയും ഇവൻ ദൈവപുത്രനാണെന്ന് ഞാൻ തിരിച്ചറിയുകയും ചെയ്തിരിക്കുന്നു. അവന് ഞാൻ സാക്ഷ്യം നൽകുന്നു. അതുകൊണ്ട്, ഇവൻതന്നെയാണ് ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.

എന്തൊരു ആർജ്ജവത്വമാണ് സ്നാപകന്റെ സാക്ഷ്യത്തിന്. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ തിരിച്ചറിയുമ്പോൾ, താൻ സ്വന്തമാക്കിയ രഹസ്യം ഈ ലോകത്തോട് വിളിച്ച് പറയാൻ, എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണെന്ന് പറഞ്ഞ് ലോകത്തിന് കാണിച്ചുകൊടുക്കാൻ വലിയ തീക്ഷ്ണതയാണ് സ്നാപകൻ പ്രകടിപ്പിക്കുന്നത്. ഈ തീക്ഷ്ണതയുടെ മാറ്റൊലിയിൽ സ്നാപകന്റെ ശിഷ്യൻമാർ വരെ സ്നാപകനെ ഉപേക്ഷിച്ച് ഗുരുവും നാഥനുമായ മിശിഹായെ അനുഗമിക്കുന്നു.

"അടുത്തദിവസം യോഹന്നാൻ തന്റെ ശിഷ്യൻമാരിൽ രണ്ടുപേരോടുകൂടെ നിൽക്കുമ്പോൾ യേശു നടന്നുവരുന്നതു കണ്ടു പറഞ്ഞു: ഇതാ, ദൈവത്തിന്റെ കുഞ്ഞാട്! അവൻ പറഞ്ഞതു കേട്ട് ആ രണ്ടു ശിഷ്യൻമാർ യേശുവിനെ അനുഗമിച്ചു." (യോഹ 1,35-37).

"ക്രിസ്തുവിനെ ഇസ്രായേലിനു വെളിപ്പെടുത്താൻ വേണ്ടിയാണ് ഞാൻ വന്നു ജലത്താൽ സ്നാനം നൽകുന്നത്..." ജീവിത നിയോഗത്തെകുറിച്ച് വ്യക്തമായ കാഴ്ച്ചപ്പാട് സ്നാപകന്റെ ജീവിതത്തെ ധന്യമാക്കുന്നു!

ഇന്ന് നമുക്ക് നഷ്ടപ്പെടുന്നത് ഈ തീക്ഷ്ണതയാണ്. ക്രിസ്തുവിനെ വ്യക്തിപരമായി സ്വന്തമാക്കാൻ, സ്വന്തമാക്കിയ ക്രിസ്തുവിനെ ഈ ലോകത്തിന് പരിചയപ്പെടുത്താൻ നാം ഈ ലോകത്തിന്റെ വ്യഗ്രതയിൽ നിൽക്കുമ്പോൾ മറന്ന് പോകുന്നുണ്ട്. സ്നാപകയോഹന്നാന്റെ ജീവിതശൈലി എന്തായിരുന്നുവോ അത് തന്നെയായിരിക്കണം ക്രൈസ്തവന്റെയും ജീവിതശൈലി. "അവൻ വളരുകയും ഞാൻ കുറയുകയും വേണം" എന്നുപറഞ്ഞ് ക്രിസ്തുവിന് നിഴലായ് മാറ്റപ്പെട്ട സ്നാപകയോഹന്നാനെപ്പോലെ ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന് നിഴലായ് മാറ്റപ്പെടണം. ഒപ്പം, ക്രിസ്തുവിന് സാക്ഷ്യം നൽകുന്ന ജീവിതശൈലി സ്വന്തമാക്കുകയും വേണം.

സാക്ഷ്യം നൽകാൻ വലിയ ഇടങ്ങളും സാഹചര്യങ്ങളും അന്വേഷിച്ച് യാത്രയാവണമെന്നില്ല. മറിച്ച്, നമ്മുടെ ജീവിത സാഹചര്യങ്ങളിൽ ക്രിസ്തുവിന് സാക്ഷ്യം നൽകാവുന്ന വിത്തിൽ, ക്രിസ്തുവിന്റെ കൽപനകൾ പാലിച്ച് ജീവിച്ചാൽ മതി. യോഹന്നാൻ ശ്ലീഹ തന്റെ സുവിശേഷത്തിൽ കുറിച്ച് വയ്ക്കുന്നു; "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപന പാലിക്കും" (യോഹ 14,15). അങ്ങനെയെങ്കിൽ, ക്രിസ്തു ആഗ്രഹിക്കുന്നതുപോലെ ജീവിക്കാൻ സാധിക്കുന്നുണ്ടെങ്കിൽ, ഉറപ്പാണ്, അതുവഴി നാം ക്രിസ്തുവിനെ സ്നേഹിക്കുന്നുണ്ടെന്ന് ഈ ലോകത്തോട് വിളിച്ച് പറയാൻ സാധിക്കും.

അയാൾ വീട്ടിൽ വൈകിട്ട് എത്തുമ്പോഴേക്കും ക്ഷീണിതനായിരുന്നു. വീട്ടിൽ കയറിയപ്പോൾ ഭാര്യ ഇരുന്നു സീരിയൽ കാണുന്നു. അയാളെ കണ്ടപ്പോൾ "എത്തിയോ?" എന്ന് ചോദിച്ചു വീണ്ടും ടിവിയിലേക്ക് ശ്രദ്ധിച്ചു. മകൾ സോഫയിൽ ഇരുന്നു മൊബൈലിൽ കളിക്കുന്നു. ജോലിക്കു പോയി തുടങ്ങിയ മകൾ ഇപ്പോൾ ഞാൻ വൈകിട്ട് എന്തെങ്കിലും കൊണ്ടുവരുന്നതും നോക്കി നിൽക്കാറില്ല. പ്ലസ്ടുവിന് പഠിക്കുന്ന മകൻ അവന്റെ മുറിയിൽ ഇരുന്നു കമ്പ്യൂട്ടറിൽ എന്തോ ചെയ്യുന്നു. ഒരു നെടുവീർപ്പോടെ അയാൾ മുറിയിലേക്ക് നടന്നു. അതിനിടയിൽ അമ്മയെ എവിടെയും കണ്ടില്ല. അയാൾ ഡ്രസ്സ് മാറി കുളിക്കാനുള്ള തയ്യാറെടുപ്പിൽ പുറത്തേക്കു നടക്കുമ്പോൾ അമ്മയുടെ കൈയിൽ നിന്നും കിട്ടാറുള്ള ചായ കണ്ടില്ലല്ലോ എന്നോർത്തുകൊണ്ട് അടുക്കളയിലേയ്ക്ക് നടന്നു. അവിടെ എവിടെയും കാണാഞ്ഞപ്പോൾ അമ്മയുടെ മുറിയിലേക്കു ചെന്നു നോക്കി ഉറക്കമാണ്. വിളിക്കേണ്ട ഉറങ്ങിക്കോട്ടെ... അയാൾ കുളിയൊക്കെ കഴിഞ്ഞു ഡ്രസ്സ് മാറി പുറത്തേക്കു ഒന്ന് ഇറങ്ങി. മനസ്സിൽ വിഷമം തോന്നുമ്പോൾ ഒരു സിഗരറ്റ് വലിക്കാറുള്ളതാണ്.

ദേവകിയമ്മ പെട്ടന്ന് ഉറക്കം ഞെട്ടി എഴുന്നേറ്റു; “എടി ഉഷേ, രഘു വന്നോ?” ”ആ... വന്നു. കുളിക്കുകയാണെന്നു തോന്നുന്നേ.” ടീവിയിൽ നിന്നും കണ്ണെടുക്കാതെ ഉഷ മറുപടി പറഞ്ഞു. “ഞാനൊന്നു ഉറങ്ങിപ്പോയി... നീ ചായ കൊടുത്തോ?” “ഇല്ല...” ടിവിയും ഓരോ കുന്ത്രണ്ടാവും കാരണം ആർക്കും ഒിനും നേരമില്ലാതായി... ദേവകിയമ്മ പിറുപിറുത്തുകൊണ്ട് അടുക്കളയിലേക്കു നടന്നു. കുളിമുറിയിൽ രഘുവിനെ കാണാത്തത് കൊണ്ട് മുറിയിൽ പോയി നോക്കി. അവിടെയും കണ്ടില്ല. ഇവൻ എവിടെ പോയി ആരോട് ചോദിക്കാനാ.

“ഉഷേ, അവൻ എവിടെപ്പോയി? ഇവിടെ എവിടെയും കാണുന്നില്ലലോ!” ആ ചോദ്യം കേട്ട് മകൾ പറഞ്ഞു; “അച്ഛൻ ഡ്രസ്സ് മാറി പോകുന്നത് കണ്ടു.”

“കുറെ നേരമായോ പോയിട്ട്?” “അതേന്നു തോന്നുന്നു...” മകൾ മൊബൈലിൽ നിന്നും തലയുയർത്താതെ പറഞ്ഞു. “നീ നിന്റെ ആ ഫോണിൽ നിന്നും അച്ഛനെ വിളിച്ചു ചോദിക്കു എവിടെയാണെ്” ദേവകിയമ്മ അതുപറഞ്ഞപ്പോൾ അവൾക്കു തീരെ രസിച്ചില്ല. “അച്ഛമ്മയ്ക്കു ഇത് ഇതിന്റെ കേടാ, അച്ഛൻ കൊച്ചു കുട്ടിയൊന്നും അല്ലാലോ. ഇവിടേയ്ക്ക് തന്നെ വരും.”

“നിങ്ങൾ രണ്ടാളും മിണ്ടതിരിക്കുന്നുണ്ടോ... ബാക്കിയുള്ളവർക്ക് ഇവിടെയിരുന്നു ടിവി കാണണ്ടേ!” ഉഷ രണ്ടാളോടും ദേഷ്യപ്പെട്ടു. അയാൾ കടക്കാരൻ ബാലേട്ടനോട് സംസാരിച്ചു നിൽക്കുമ്പോഴാണ് മൊബൈൽ ശബ്ദിച്ചതു. എടുത്തു നോക്കിയപ്പോൾ മകളുടെ നമ്പർ. “എന്താ മോളെ?” “അച്ഛാ, ഇപ്പോൾ എവിടെയാ? അച്ഛനെ കാണാതെ അച്ഛമ്മ ഇവിടെ സമാധാനം തരുന്നില്ല, അച്ഛനോട് വരാൻ പറഞ്ഞു അച്ഛമ്മ...” “ഞാൻ ബാലേട്ടന്റെ കടയിലുണ്ട് ഇപ്പൊ വരാം...”

അതുപറഞ്ഞിട്ടു ഫോൺ കട്ട് ചെയ്തു. “താനിപ്പോൾ വതല്ലേ ഉള്ളൂ, അപ്പോഴേക്കും വിളി വന്നോ?” ബാലേട്ടൻ ചോദിച്ചു. “തന്റെയൊരു ഭാഗ്യം!” എന്നാൽ ബാലേട്ട നാളെ കാണാം എന്നുപറഞ്ഞിറങ്ങിയ അയാൾ ചിന്തിച്ചു. എന്റെ ഭാഗ്യം തന്നെയാണ് ഭാര്യയും മക്കളും. കുറച്ചു കാലം മുൻപ് വരെ ഒരു സൗകര്യവും ഇല്ലാതിരുന്ന കാലത്തു വീട്ടിൽ എന്നും സ്നേഹവും സന്തോഷവുമായിരുന്നു. ഇപ്പോൾ നല്ലൊരു വീടും എല്ലാ സൗകര്യവുമായപ്പോൾ വീട്ടിൽ എല്ലാവരും ഒറ്റപ്പെട്ടതുപോലെ. ഇന്ന് അമ്മയെങ്കിലും ഉണ്ട് ഒന്ന് അന്വേഷിക്കാൻ. നാളെ അമ്മയുടെ കാലശേഷം? വിങ്ങുന്ന മനസ്സോടെ അയാൾ വീട്ടിലേക്കു നടന്നു. അപ്പോഴും കാത്തിരിപ്പിന്റെ മുഴിച്ചിലില്ലാതെ വീടിന്റെ ഉമ്മറത്തുണ്ട് അയാളുടെ വരവും നോക്കി ആ അമ്മ...

ഈ അടുത്തകാലത്തുവായിച്ച ഏറ്റവും നല്ല ചെറുകഥകളിലൊന്നാണ് ഇത്. ആശയം കൊണ്ട് അഭിനന്ദനം അർഹിക്കുന്ന ഈ ചെറുകഥ നൽകുന്ന സന്ദേശം അർത്ഥഗർഭമാണ്. സ്നാപകയോഹന്നാൻ ക്രിസ്തുവിന് സാക്ഷ്യം നൽകുന്നത് വലിയ വലിയ അൽഭുതങ്ങൾ ചെയ്തിട്ടോ ഘോരഘോരപ്രസംഗം നടത്തിയിട്ടോ അല്ല. മറിച്ച്, തന്റെ ജീവിതസാഹചര്യങ്ങളിൽ തന്നെ കാണുന്നവർക്ക് ക്രിസ്തുവിനെ കാണിച്ചുകൊടുത്തുകൊണ്ടാണ്. അങ്ങനെയെങ്കിൽ, നമ്മുടെ ഭവനങ്ങളിലും, ജോലി ചെയ്യുന്ന ഇടങ്ങളിലും, കുടുംബകൂട്ടായ്മകളിലും, ഇടവകകളിലും ക്രിസ്തുവിനെ കാണിച്ചുകൊടുക്കാനും ക്രിസ്തുവിന് സാക്ഷ്യം നൽകാനും ഒരുപാട് അവസരങ്ങളുണ്ട്. ക്രിസ്തു പറയുന്നു; “നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കൽപന പാലിക്കും” (യോഹ 14,15).

“എന്റെ
പിന്നാലെ വരുന്നവൻ
എന്നെക്കാൾ വലിയവനാണ്...’
യോഹന്നാൻ
ക്രിസ്തുവിനുള്ള
ചൂണ്ടുപലക!

ദനഹാക്കാലം / മൂന്നാം ഞായർ / യോഹ 1,29-42

***“നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും.”***

യോഹ 15,4

ഫാ. ജോബി മേനോത്ത്
+91 9447777931